"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് - ജീവനകാര്യം - കാസറഗോഡ് ജില്ലയിലെ വലിയപറമ്പ ഗ്രാമ പഞ്ചായത്തിലെ ക്ലാർക്ക് ശ്രീമതി രാഗി രവീന്ദ്രൻ റ്റി- യുടെ ശൂന്യവേതന അവധി ദീർഘിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (ഇപിഎ) വകുപ്പ്**

സ.ഉ.(സാധാ) നം.1575/2024/LSGD തീയതി,തിരുവനന്തപുരം, 23-08-2024

---

പരാമർശം:-
1. പഞ്ചായത്ത് ഡയറക്ടറുടെ 05.09.2018ലെ PAN/22152/2018-E(DP) നമ്പർ നടപടിക്രമം
2. തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 14.12.2023ലെ LSGD/PD/1820/2023-DEC4 നമ്പർ കത്ത്

**ഉത്തരവ്**

കാസറഗോഡ് ജില്ലയിലെ വലിയപറമ്പ് ഗ്രാമ പഞ്ചായത്തിലെ ക്ലാർക്ക് ശ്രീമതി രാഗി രവീന്ദ്രൻ. റ്റി- യ്ക്ക് പരാമർശം (1) പ്രകാരം 02.10.2018 മുതൽ 01.10.2020വരെ കെ എസ് ആർ ഭാഗം 1 അനുബന്ധം 12 സി പ്രകാരം അനുവദിച്ച ശൂന്യവേതനാവധിക്ക് തുടർച്ചയായി 02.10.2020 മുതൽ 01.10.2023 വരെ കെ എസ് ആർ ഭാഗം 1 അനുബന്ധം 12 സി പ്രകാരം ശൂന്യവേതനാവധി അനുവദിക്കുന്നതിന് സമർപ്പിച്ച അപേക്ഷ ശിപാർശ ചെയ്ത് പരാമർശം(2) പ്രകാരം തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ സർക്കാരിൽ സമർപ്പിച്ചിരുന്നു.

2 . സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കാസറഗോഡ് ജില്ലയിലെ വലിയപറമ്പ് ഗ്രാമ പഞ്ചായത്തിലെ ക്ലാർക്ക് ശ്രീമതി രാഗി രവീന്ദ്രൻ. റ്റി- യ്ക്ക് പരാമർശം (1) പ്രകാരം 02.10.2018 മുതൽ 01.10.2020 വരെ കെ എസ് ആർ ഭാഗം I അനുബന്ധം XII സി പ്രകാരം അനുവദിച്ചിരുന്ന ശൂന്യവേതനാവധിക്ക് തുടർച്ചയായി 02.10.2020 മുതൽ 01.10.2023 വരെ കെ എസ് ആർ ഭാഗം I അനുബന്ധം XII സി , ചട്ടം 10 ൽ ഇളവ് വരുത്തിയും , ടി ചട്ടത്തിലെ മറ്റ് വ്യവസ്ഥകൾക്ക് വിധേയമായും , മുൻകാലപ്രാബല്യത്തോടെ ശൂന്യവേതന അവധി ദീർഘിപ്പിച്ച് നൽകിയും, 02.10.2023 തീയതി ടിയാൾ പ്രൊബേഷൻ പൂർത്തീകരിച്ചിട്ടില്ലാത്തതിനാൽ മുൻകാലസേവനം നഷ്ടമാകും വിധം നോൺ ഡ്യൂട്ടിയായി ക്രമീകരിച്ചും ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
സെമിഗോപിനാഥ്. ജി
ഡെപ്യൂട്ടി സെക്രട്ടറി

1.പ്രിൻസിപ്പൽ ഡയറക്ടർ , തദ്ദേശസ്വയംഭരണവകുപ്പ്,തിരുവനന്തപുരം
(ശ്രീമതി. രാഗി രവീന്ദ്രൻ റ്റി-യുടെ സേവനപുസ്തകം സഹിതം)
2 ജില്ല ജോയിന്റ് ഡയറക്ടർ,തദ്ദേശസ്വയംഭരണവകുപ്പ് , കാസറഗോഡ് (തദ്ദേശസ്വയംഭരണവകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)
3.സെക്രട്ടറി,വലിയപറമ്പ ഗ്രാമപഞ്ചായത്ത് (തദ്ദേശസ്വയംഭരണവകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ

മുഖേന)

4.ശ്രീമതി.രാഗി രവീന്ദ്രൻ , ക്ലർക്ക് , വലിയപറമ്പ ഗ്രാമപഞ്ചായത്ത് (തദ്ദേശസ്വയംഭരണവകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)

5.പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(എ&ഇ/ആഡിറ്റ്) കേരള.തിരുവനന്തപുരം/തൃശ്ശൂർ

6.ധനകാര്യ വകുപ്പ് (25.06.2024ലെ e-2247427/ഡെവ-1/96/2022-ധന നമ്പർ യു ഒ റിമാർക്ക്സ് പ്രകാരം)

7.ഡയറക്ടർ . ഐ കെ എം

8.ഇൻഫർമേഷൻസ് & പബ്ലിക് റിലേഷൻസ് വകുപ്പ് (വെബ് & ന്യൂ മീഡിയ ഡിവിഷൻ)

9.കരുതൽ ഫയൽ (ഫയൽ നം.263/ഇപിഎ1/2022-എൽഎസ്ജിഡി

ഉത്തരവിൻ പ്രകാരം

Signed by

Danuja M S

Date: 23-08-2024 15:04:07